(ഡി) ഇതിന്റെ വെളിച്ചത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്താണ്?

ഉത്തരം

(എ യും ബി യും) പട്ടയ വസ്തുക്കളിൽ ഉടമകൾ വച്ചുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നതിന് സീനിയറേജ് ഇളവാക്കാറില്ല. എന്നാൽ കാർഡമം ഹിൽ റിസർവ്വിലെ പട്ടയ വസ്തുക്കളിൽ വച്ചു പിടിപ്പിച്ചിരിക്കുന്ന തണൽ മരങ്ങൾ വെട്ടി മാറ്റുന്നതിന് സീനിയറേജ് ഇളവാക്കാറുണ്ട്. അതിനു കാരണം കാർഡമം ഹിൽ റിസർവ്വിലെ മരങ്ങളുടെ ഉടമസ്ഥാവകാശം വനം വകുപ്പിൽ നിക്ഷിപ്തമായതുകൊണ്ടാണ്.

(സി) സീനിയറേജ് ഇളവാക്കിയത് തിരിച്ചു കൊടുക്കുവാൻ ഹൈക്കോടതിയുടെ നിർദ്ദേശമില്ല. എന്നാൽ കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസ് ലിമിറ്റഡിൽനിന്നും മരങ്ങൾ മുറിച്ചു മാറ്റാൻ സീനിയറേജ് ഇളവാക്കിയതു തിരികെ കൊടുക്കുവാൻ വിവിധ കേസ്സുകളിലായി ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പുതിയ ഉത്തരവിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

എൻകോസ് സ്ഥാപനങ്ങളുടെ ഏറെടുക്കൽ

756 [1111] ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. പിണറായി വിജയൻ:
ശ്രീ. പി. കരുണാകരൻ:
ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിക്വിഡേറ്റു ചെയ്യപ്പെട്ട എൻകോസ് സ്ഥാപനങ്ങളിൽ ഒന്നായ പാലക്കാട്ടെ മെൻകോ, കെ. ഇ. എൽ. ഏറെടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ. ഇ. എൽ. ഈ സ്ഥാപനം ഏറെടുക്കുന്ന അവസരത്തിൽ കേരളാ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള ഓർഡറുകൾ കൊടുക്കാനുള്ള എന്തെങ്കിലും ധാരണ ഉണ്ടായിരുന്നോ;

(സി) ഉണ്ടെങ്കിൽ എന്തായിരുന്നു ആ ധാരണ;

(ഡി) അതുപ്രകാരം ഓർഡർ കൊടുക്കാതിരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-11-1977-ൽ.

(ബി) അങ്ങനെ യാതൊരു ധാരണയും ഉണ്ടായിരുന്നില്ല.

(സി, ഡി, ഇ) ബി.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly